# എം. ഇ .എസ് കോളേജ് മാറമ്പള്ളി - അദ്ധ്യാപക രക്ഷാകർതൃ സമിതിയുടെ 2021 -2022 വർഷത്തെ പ്രവർത്തന റിപ്പോർട്ട്

2021-2022 വർഷത്തെ അക്കാദമികവും പഠ്യേതരവുമായ എല്ലാ പ്രവർത്തനങ്ങൾക്കും അദ്ധ്യാപക രക്ഷാകർതൃ സംഘടനയുടെ സജീവവും കാര്യക്ഷമവുമായ സഹകരണവും പിന്തുണയും ഉണ്ടായിരുന്നുവെന്നുള്ളത് വളരെയധികം ചാരിതാർഥ്യജനകമായ കാര്യമാണ്.

2021 നവംബർ 30 നു ചേർന്ന PTA യുടെ പൊതുയോഗം 2021 -2022 അദ്ധ്യയനവർഷത്തേക്കുള്ള നിർവ്വാഹക സമിതിയെ തെരെഞ്ഞെടുത്തു. കോളേജ് പ്രിൻസിപ്പൽ ഡോ . പി പി മൻസൂർ അലി പ്രസിഡണ്ടായും ഫിസിക്കൽ എഡ്യൂക്കേഷൻ വകുപ്പ് മേധാവി ശ്രീ. കെ. ജി. ഹനീഫ സെക്രട്ടറിയായും നിലവിൽ വന്ന PTA നിർവ്വാഹകസമിതിയിലേക്കു വൈസ് പ്രസിഡണ്ടായി ശ്രീ. എം. സുഹൈൽ റഹ്മാനും, ജോയിൻ്റ് സെക്രട്ടറിയായി ശ്രീ. റ്റി. വി ഇസ്മായിലും നിർവ്വാഹക സമിതി അംഗങ്ങളായി വൈസ് പ്രിൻസിപ്പൽ ഡോ .പി.എം. ജാസ്മിൻ ശ്രീ. നോബി പി.എസ്, ശ്രീമതി. ധന്യ, ഡോ. പി. രശ്മി (സൈക്കോളജി വകുപ്പ് മേധാവി), ഡോ. അല്ലി സി. ആൻറണി (അസ്സിസ്റ്റൻറ് പ്രൊഫസർ, ബയോസയൻസ്), Lt. ഇബ്രാഹിം സലിം (അസ്സിസ്റ്റൻറ് പ്രൊഫസർ, കമ്പ്യൂട്ടർ അപ്ലിക്കേഷൻ ) എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു. PTA പ്രസിഡണ്ട് ഡോ. പി. പി മൻസൂർ അലിയുടെ നേത്രുത്വത്തിൽ 2021 നവംബർ 30 നു പ്രവർത്തനം ആരംഭിച്ച PTA യുടെ പിന്നീടുള്ള പ്രവർത്തങ്ങൾക്ക് ആക്ടിങ് പ്രിൻസിപ്പൽ ഡോ .പി.എം. ജാസ്മിനും തുടർന്ന് പ്രിൻസിപ്പൽ ഡോ. അജിംസ് പി. മുഹമ്മദും നേതൃത്വം നൽകി.

കോളേജിൻ്റെ അടിസ്ഥാന സൗകര്യ വികസന കാര്യങ്ങളിൽ നാമമാത്രമായിട്ട് മാത്രമേ ഒരു PTA ക്കു സഹായിക്കാൻ കഴിയുള്ളു എന്നത് ഒരു വസ്തുതയാണ്. എന്നാൽ വിദ്യാർത്ഥികളുടെ അക്കാദമികവും പഠ്യേതരവുമായ പ്രവർത്തങ്ങളിൽ അവർക്കു ഗുണകരമായ കാര്യങ്ങളിൽ തൃപ്തികരമായി ഇടപെടാൻ റിപ്പോർട്ട് കാലയളവിൽ PTA ക്കു കഴിഞ്ഞിട്ടുണ്ട്.

**<u>സെഷൻ ഓൺ ഇൻസ്പയറിങ് റിസർച്ച് (2022 ആഗസ്ത് 17)</u>**

വിദ്യാർത്ഥികളിൽ ഗവേഷണ അഭിരുചി വളർത്തുന്നതിന് പ്രചോദനമാകുന്നു തരത്തിൽ അവസാന വർഷ ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്കായി 2022 ആഗസ്ത് 17 നു നടത്തപ്പെട്ട 'ഇൻസ്പയറിങ് റിസർച്ച്' പരിശീലന സെമിനാർ വിദ്യാർത്ഥികളിൽ ഗവേഷണത്തെ സംബന്ധിച്ചും പുതുതായി ഉയർന്നുവരുന്ന ഗവേഷണ മേഖലകളെക്കുറിച്ചും അവബോധം സൃഷ്ടിക്കാൻ പര്യാപ്തമായി. പ്രശസ്ത

ഗ്രന്ഥകർത്താവും, മൾട്ടിപ്പിൾ ഇന്റലിജൻസ് വിശകലന വിദഗ്ദ്ധനും കൊച്ചിയിലെ ആൽഫാ സൊല്യൂഷൻ മേധാവിയുമായ ശ്രീ. എൻ. എം. ഹുസ്സൈൻ സെമിനാറിന് നേതൃത്വം നൽകി.

**ഏഷ്യൻ കുറാഷ് ചാമ്പ്യൻഷിപ്പ് പ്രോത്സാഹനം**

തായ്‌ലൻഡിൽ വച്ച് നടത്തപ്പെട്ട ജൂനിയർ ഏഷ്യൻ കുറാഷ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയെ പ്രതിനിധീകരിച്ചു പങ്കെടുത്ത നമ്മുടെ കോളേജിലെ വിദ്യാർത്ഥിയായ എബിൻ ജോസഫിന് പ്രോത്സാഹനമായി PTA ഫണ്ടിൽ നിന്നും മുപ്പതിനായിരം രൂപ നൽകി. അന്താരാഷ്ട്ര കായിക മത്സരങ്ങളിൽ പങ്കെടുക്കുന്ന നമ്മുടെ വിദ്യാർത്ഥികൾക്ക് ഇത്തരം പ്രോത്സാഹനങ്ങൾ തുടർന്നും നൽകേണ്ടതാണ്.

**ലാപ്ടോപ്പ് വിതരണം**

അനിമേഷൻ വകുപ്പിലെ വിദ്യാർത്ഥികൾക്കായി രണ്ടു High End Configuration ലാപ്‌ടോപ്പുകൾ വിതരണം ചെയ്യുകയുണ്ടായി. കൂടുതൽ സാങ്കേതികമികവോടെ അനിമേഷൻ ജോലികൾ ചെയ്യാൻ ഈ ലാപ്‌ടോപ്പുകൾ വിദ്യാർത്ഥികൾക്ക് സഹായകമാകും.

**റാങ്ക് ജേതാക്കൾക്കുള്ള ആദരം**

വിവിധ വിഷയങ്ങളിൽ യൂണിവേഴ്സിറ്റി റാങ്കുകൾ നേടിയ വിദ്യാർത്ഥികളെ എല്ലാവര്ഷത്തെയും പോലെ ഈ അദ്ധ്യയന വർഷത്തിലും ആദരിക്കുകയുണ്ടായി. ഈ വര്ഷം മുതൽ റാങ്ക് ജേതാക്കൾക്കുള്ള ക്യാഷ് അവാർഡ് തുക വർദ്ധിപ്പിക്കുന്നതിനും നിർവ്വാഹക സമിതി തീരുമാനിക്കുകയുണ്ടായി. യൂണിവേഴ്സിറ്റി പരീക്ഷകളിൽ ഒന്നും രണ്ടും മൂന്നും റാങ്ക് നേടിയ നമ്മുടെ കോളേജിലെ വിദ്യാർത്ഥികൾക്ക് 3000 രൂപ വീതം ക്യാഷ് അവാർഡ് നൽകി. ക്യാഷ് അവാർഡ് കൂടാതെ അവർക്കു സമ്മാനങ്ങളും നല്കാൻ തീരുമാനിച്ചു.

**കരിയർ ഗൈഡൻസ് മത്സരപ്പരീക്ഷാ ബോധവൽക്കരണം**

ഉന്നതപഠനത്തിനും മത്സരപ്പരീക്ഷകൾ നേരിടുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ വിദ്യാർത്ഥികൾക്ക് നൽകുന്നതിന് കരിയർ ഗൈഡൻസ് മത്സരപ്പരീക്ഷാ ബോധവൽക്കരണ പരിപാടി നടത്തുന്നതിന് PTA സാമ്പത്തിക സഹായം നൽകുകയുണ്ടായി.

**ഫാക്കൽറ്റി ഡവലപ്പ്മെൻറ് പ്രോഗ്രാം**

സർക്കാർ നിഷ്കർഷിച്ചിട്ടുള്ള വിവിധ ഫാക്കൽറ്റി ഡവലപ്പ്മെൻറ് പരിപാടികളിൽ പങ്കെടുക്കുന്നതിന് അദ്ധ്യാപകരെ പ്രോത്സാഹിപ്പിക്കുകയും അതിനാവശ്യമായ ധനസഹായങ്ങൾ നൽകുകയും ചെയ്തു.

**അഭിജിത് അമൽ രാജിന് തുടർപരിശീലനത്തിനുള്ള സഹായം**

2022 ലെ അഹമ്മദാബാദ് ദേശീയ ഗെയിംസിൽ കേരളത്തിനായുള്ള ആദ്യമെഡൽ നേടിയതു നമ്മുടെ കോളേജിലെ അവസാന വർഷ ബി. കോം വിദ്യാർത്ഥിയായ റോളർ സ്കേറ്റിംഗ് താരം അഭിജിത് അമൽ രാജ് ആയിരുന്നു. കോളേജിനും സംസ്ഥാനത്തിനും മഹാത്മാഗാന്ധി സർവ്വകലാശാലക്കും അഭിമാനമായി മാറിയ അഭിജിത്തിന് ഏഷ്യൻ ഗെയിമ്സിൽ പങ്കെടുക്കുന്നതിനുള്ള തുടർപരിശീലനങ്ങൾക്കായി ഒരു ലക്ഷം രൂപ PTA ഫണ്ടിൽ നിന്നും നൽകി.

**ലൈബ്രറി ഡിജിറ്റലൈസേഷൻ**

വയർലെസ്സ് നെറ്റ്വർക്കിൻ്റെ സഹായത്തോടെ വിദ്യാർത്ഥികൾക്ക് വായന എളുപ്പമാക്കുന്നതിനും ഇ-ജേർണലുകളും പുസ്തകങ്ങളും ഡൗൺലോഡ് ചെയ്തു വായിക്കാൻ സഹായിക്കുന്നതിനുമായി പത്ത് കിൻഡിൽ ടാബ്ലറ്റുകൾ കോളേജ് ലൈബ്രറിയിൽ സ്ഥാപിക്കാൻ ഒരു ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. വരും വർഷങ്ങളിൽ ലൈബ്രറിയിൽ കൂടുതൽ ഡിജിറ്റൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ PTA മുൻകൈ എടുക്കേണ്ടതാണ്.

**യൂണിവേഴ്സിറ്റി കലോത്സവം**

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി കലോത്സവത്തിൽ നമ്മുടെ കോളേജിൽ നിന്നും പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ മത്സര ഇനങ്ങളിൽ പരിശീലനം നൽകുന്നതിനായി 75000 രൂപ PTA ഫണ്ടിൽ നിന്നും നൽകുകയുണ്ടായി. കലോത്സവങ്ങളിൽ നമ്മുടെ വിദ്യാർഥികൾ പ്രംശസനീയമായ പ്രകടനമാണ് കാഴ്ചവയ്ക്കുന്നത്.

**കോളേജ് ജിം & ഫിറ്റ്നസ് കേന്ദ്രം**

വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു ഫിറ്റ്നസ് സെന്ററും ജിമ്മും കോളേജിലുണ്ട്. എന്നാൽ ശാസ്ത്രീയമായ മാർഗ്ഗനിർദ്ദേശങ്ങൾ ഇല്ലാതെ അവിടുത്തെ ഉപകരണങ്ങൾ ഉപയോഗിക്കുന്നത് ആപത്താണ്. വിദ്യാർത്ഥികൾക്ക് ഫിറ്റ്നസ് സംബന്ധമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും ഉപകരണങ്ങളുടെ ശരിയായ ഉപയോഗം പരിശീലിപ്പിക്കുന്നതിനും 5000 രൂപ പ്രതിമാസ ശമ്പളത്തിൽ ഒരു പാർട്ട് ടൈം പരിശീലകനെ നിയമിക്കുന്നതിന് PTA ഫണ്ട് അനുവദിച്ചു.

**തയ്ക്കൊണ്ടോ പരിശീലനം**

തയ്ക്കൊണ്ടോ മത്സരങ്ങളിൽ നമ്മുടെ വിദ്യാർഥികൾ ഏതാനും വര്ഷങ്ങളായി യൂണിവേഴ്സിറ്റി തലത്തിൽ ചാമ്പ്യന്മാരാണ്. ദേശീയ മത്സരങ്ങളിൽ അവരെ പങ്കെടുപ്പിക്കുന്നതിന് അവർക്കു മെച്ചപ്പെട്ട പരിശീലനം നൽകേണ്ടതായുണ്ട്. ഇതിലേക്കായി പ്രതിമാസം 8000 രൂപ കോച്ചിന് ഓണറേറിയമായി നല്കാൻ തീരുമാനിച്ചു.

**ബി. വോക് വകുപ്പിലേക്കുള്ള ലാബ് ഉപകരണങ്ങൾ**

ഏറ്റവും കൂടുതൽ തൊഴിൽ സാധ്യതയുള്ള കോഴ്സുകളാണ് ബി. വോക്. വകുപ്പിൽ പഠിപ്പിക്കുന്നത്. അവിടുത്തെ വിദ്യാർത്ഥികൾക്കായി സജ്ജീകരിച്ചിട്ടുള്ള ലാബിലേക്ക് ആവശ്യമായ ഏതാനും ഉപകരണങ്ങൾ വാങ്ങുന്നതിനു PTA ഫണ്ട് അനുവദിക്കുകയുണ്ടായി. ഇതിലേക്ക് അഡ്വാൻസ് തുകയായി 4,76,352 രൂപ അനുവദിച്ചു.

മേല്പറഞ്ഞവ കൂടാതെ വിദ്യാർത്ഥികൾക്ക് സ്പോർട്സ് ട്രാക്ക് സ്യൂട്ട് നൽകുന്നതിന് 35,000 രൂപയും മ്യൂസിക് സിസ്റ്റം സ്ഥാപിക്കുന്നതിന് 66,693 രൂപയും ബി.വോക് വകുപ്പിൽ വാട്ടർ കൂളർ സ്ഥാപിക്കുന്നതിന് 42,675 രൂപയും വിദ്യാത്ഥികൾക്കു ഇൻ്ററർവ്യൂ പരിശീലനം നല്കുന്നതിനും ഫിനിഷിങ് സ്കൂൾ പരിശീലനത്തിനുമായി 22,500 രൂപയും വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായമായി 5,000 രൂപയും PTA ഫണ്ടിൽ നിന്നും നൽകുകയുണ്ടായി.

2021 -2022 അദ്ധ്യയന വർഷത്തിൽ PTA നടത്തിയിട്ടുള്ള പ്രവർത്തങ്ങളുടെ ഹ്രസ്വമായ ഒരു റിപ്പോർട്ടാണിത്. സൃഷ്ടിപരമായ ചർച്ചയിലൂടെ പൂർത്തീകരിക്കുന്നതിനും അംഗീകരിക്കുന്നതിനുമായി ഈ റിപ്പോർട്ട് PTA പൊതുയോഗത്തിൻ്റെ മുമ്പാകെ അവതരിപ്പിക്കുന്നു.

വിശ്വസ്തതയോടെ

ഹനീഫ കെ.ജി

സെക്രട്ടറി